Website-www.keralapsc.gov.in
Telephone No.2505398

E.Mail-dopkd.psc@kerala.gov.in
Fax No.2505311

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, പാലക്കാട്

നമ്പർ :PVI(1)1229/2018 തീയതി : 06.01.2021.

എക്സൈസ് വകുപ്പിലെ വനിതാ സിവിൽ എക്സൈസ് ഓഫീസർ (ജനറൽ/എൻ.സി.എ) തസ്തികയിലേക്കുള്ള ചുരുക്കപ്പട്ടികയിലുൾപ്പെട്ട, പാലക്കാട് ജില്ല [കാറ്റഗറി നമ്പർ:501/17 (ജനറൽ), 202/8 (NCA-HN), 205/18 (NCA-D), 196/18 (NCA-M)] ഉദ്യോഗാർത്ഥികൾക്ക് 13.01.2021 മുതൽ 16.01.2021 തീയതികളിൽ രാവിലെ 06.00 മണിക്ക് ശാരീരിക അളവെടുപ്പും കായിക ക്ഷമതാ പരീക്ഷയും DAR Police Camp Ground, Kallekkad, Palakkad ൽ വച്ച് നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് തങ്ങളുടെ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റും അസ്സൽ തിരിച്ചറിയൽ രേഖയും മറ്റ ബന്ധപ്പെട്ട രേഖകളും സഹിതം നിശ്ചിത തീയതിയിലും സമയത്തും രാവിലെ 6.00 മണിക്ക് മുമ്പായി DAR Police Camp Ground, Kallekkad, Palakkad ൽ എത്തിച്ചേരേണ്ടതാണ്. ഇത് സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് എസ്.എം.എസ്/പ്രൊഫൈൽ മെസേജ് നൽകിയിട്ടുണ്ട്.

ടി തസ്തികയുടെ നേരിട്ടുള്ള വിഭാഗത്തിലും (Cat.No.501/17) NCA (Cat.No.196/18, 202/18, 205/18) വിഭാഗത്തിലും പൊതുവായി അപേക്ഷിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ ടി തസ്തികയുടെ നേരിട്ടുള്ള വിഭാഗത്തിനായി അപേക്ഷിച്ചിട്ടുള്ള (Cat.No.501/17) ജില്ലയിൽ മാത്രമേ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രസ്തുത ഉദ്യോഗാർത്ഥികൾ താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ declaration ഹാജരാക്കേണ്ടതാണ്.

കായിക ക്ഷമതാ പരീക്ഷയ്ക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾ ഗവ.ഹോസ്പിറ്റൽ/അംഗീകൃത സ്ഥാപനത്തിൽ നിന്നും ലഭിച്ച കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. (പ്രസ്തുത സർട്ടിഫിക്കറ്റ് കായികക്ഷമതാ പരീക്ഷയ്ക്ക് ഹാജരാവുന്നതിന് 24 മണിക്കൂർ മുമ്പ് എടുത്തതും, ഓഫീസ് സീൽ, സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് പേര്, ടെസ്റ്റ് ചെയ്ത സമയം തീയതി എന്നിവ രേഖപ്പെടുത്തിയതും ആയിരിക്കണം)

കായികക്ഷമതാ പരീക്ഷ സമയത്ത് ഉദ്യോഗാർത്ഥികൾ ഏതെങ്കിലും ക്ലബ്, പരിശീലന സ്ഥാപനങ്ങൾ എന്നിവയുടെ പേരോ ലോഗോയോ ഉള്ള വസ്ത്രങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

**ജില്ലാ ഓഫീസർ**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ഓഫീസ്, പാലക്കാട്**

Rcs